ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) ആവശ്യപ്പെടാത്ത മൂന്ന് പഞ്ചായത്തുകൾ ഒഴികെ സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഓരോ എൽ.ഡി.ക്ലാർക്ക് തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. ജീവനക്കാരെ പുനർവിന്യാസം വഴി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിയമിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

128 (1354) ജനകീയസൂത്രണ പ്രവർത്തനങ്ങളുടെ പുരോഗതി

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനകീയാസൂത്രണ പദ്ധതിയിൽ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്താൻ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന തുക ലാപ്സാകാതിരിക്കാൻ എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) നടപ്പ് സാമ്പത്തിക വർഷം ആദ്യ ഗഡുവായിട്ട് നൽകിയിട്ടുള്ള തുക എത്ര വീതമാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാന ആസൂത്രണ ബോർഡാണ് ജനകീയാസൂത്രണ പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുന്നത്. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളേയും ഒരു കമ്പ്യൂട്ടർ ശൃംഖലയിൽ ഏകോപിപ്പിക്കുന്നതിനുള്ള ഒരു പ്രോജക്ട് സംസ്ഥാന ആസൂത്രണ ബോർഡ്, കേന്ദ്ര ആസൂത്രണ കമ്മീഷന് സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര ആസൂത്രണ കമ്മീഷന് പ്രോജക്ട് അംഗീകരിക്കുകയും, ഒന്നാം ഗഡുവായി 10 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്നും സാമ്പത്തികസഹായം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. പ്രോജക്ട് നടപ്പാക്കി വിവരശേഖരണ ശൃംഖല പൂർത്തിയാക്കുന്നതോടെ പദ്ധതി പ്രവർത്തന വിലയിരുത്തലിന് ഫലപ്രദമായ സംവിധാനം ഉണ്ടാകുന്നതാണ്.

ജനകീയാസൂത്രണ പദ്ധതി നിർവഹണപുരോഗതി; സംസ്ഥാന-ജില്ലാതല കോ-ഓർഡിനേഷൻ കമ്മിറ്റികൾ അവലോകനം ചെയ്യുന്നുണ്ട്. ഇതിനു പുറമേ ബ്ലാക്ക്-ജില്ലാതലത്തിൽ നടത്തുന്ന അവലോകന യോഗങ്ങളിൽ ജനകീയാസൂത്രണ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുന്നുണ്ട്.

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന തുക പൂർണ്ണമായും ചെലവഴിക്കണമെന്ന പൊതു നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനു പുറമെ ഒരു സാമ്പത്തികവർഷം ഒരു നിശ്ചിത ശതമാനം തുക ചെലവഴിക്കാതിരുന്നാൽ അടുത്ത വർഷത്തെ പദ്ധതിവിഹിതത്തിൽനിന്നും കുറവു വന്ന അത്രയും തുക കുറവു ചെയ്യുന്നതാണെന്ന് സർക്കാർ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) നടപ്പു സാമ്പത്തികവർഷത്തെ പദ്ധതി വിഹിതമായി സംസ്ഥാനത്തെ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും നടപ്പുവർഷത്തെ ബഡ്ജ

LIBRARY ARCHIVES Kerala Legislative Assembly

റ്റിൽ വകയിരുത്തിയിട്ടുള്ള തുകയുടെ 25% പദ്ധതി രേഖകൾക്ക് അംഗീകാരം നേടിയ സ്ഥാപനങ്ങൾക്ക് ഒന്നാം ഗഡുവായി അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്.

129 (1355) ജനകീയാസൂത്രണത്തിന് അനുവദിച്ച തുകയുടെ വിനിയോഗം

ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനകീയാസൂത്രണത്തിന് ഗവൺമെന്റ് നൽകുന്ന തുക പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഡിപ്പോസിറ്റ് ചെയ്ത ശേഷം ചെലവ് വന്നതായി കാണിക്കുന്നു എന്ന പരാതി ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്താണ് ഇതിന്റെ യഥാർത്ഥ സ്ഥിതി എന്ന് വെളിപ്പെടുത്തുമോ ;

(സി) പരിശോധിച്ചില്ലെങ്കിൽ ഈ ആക്ഷേപം പരിശോധിക്കുവാൻ തയ്യാറാകുമോ?

ഉത്തരം

(എ) സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി തുക ഡെപ്പോസിറ്റ് ചെയ്തതായി പരിശോധനയിൽ ബോദ്ധ്യമായാൽ ആ തുക പദ്ധതി ചെലവിൽപ്പെടുത്താതെ അടുത്ത വർഷത്തെ പദ്ധതിവിഹിതത്തിൽ കുറവു ചെയ്യുന്നതാണ്.

(ബി) ഉദിക്കുന്നില്ല.

(സി) അത്തരത്തിലുള്ള പരാതികൾ ലഭിക്കുകയാണെങ്കിൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

130 (1356) കൊടുമൺ പഞ്ചായത്തിൽ ജനകീയാസൂത്രണ പദ്ധതി നടത്തിപ്പിൽ ഉണ്ടായ ക്രമക്കേട്

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിലെ കൊടുമൺ പഞ്ചായത്തിൽ ജനകീയാസൂത്രണ പദ്ധതി നടത്തിപ്പിൽ കഴിഞ്ഞ സാമ്പത്തികവർഷത്തിൽ വളരെയധികം ക്രമക്കേട് നടത്തിയിട്ടുണ്ടെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തെപ്പറ്റി അന്വേഷണം നടത്തിയിട്ടുണ്ടോ ; ഏതെല്ലാം പരാതിയെപ്പറ്റിയാണ് അന്വേഷണം നടത്തിയതെന്നും എന്നാണ് അന്വേഷണം ആരംഭിച്ചതെന്നും ആരാണ് അന്വേഷണം നടത്തിയതെന്നും വ്യക്തമാക്കുമോ;

(സി) അന്വേഷണ പ്രകാരം ഇവിടെ നിയമവിരുദ്ധമായി നടപടി കൈക്കൊണ്ടതായി തെളിഞ്ഞിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിനനുസരിച്ച് നിയമപ്രകാരം എന്തു നടപടി കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ.

LIBRARY ARCHIVES Kerala Legislative Assembly